**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1227** **12-02-2025 - ൽ മറുപടിയ്ക്ക്**

**റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടഞ്ഞ സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടഞ്ഞ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന വിവരം അറിയിക്കുമോ; വിശദമാക്കുമോ; | (എ) | ആഭ്യന്തര വകുപ്പിന്റെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് 20.05.2021 മുതൽ 11.02.2025 വരെയുള്ള കാലയളവിൽ റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ സംഭവിച്ചിട്ടുള്ളതിൽ 17 പേർ മരണപ്പെട്ടിട്ടുണ്ട്. നിലവിൽ വകുപ്പ് തലത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. |
| (ബി) | റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടയുകയോ അപകടത്തിൽപ്പെടുകയോ ചെയ്താൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വകുപ്പ് തലത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. |
| (സി) | യഥാസമയം റോഡ് നവീകരിച്ച് പരിപാലിക്കാത്തതു മൂലം അപകടത്തിൽ ഇരകളാകേണ്ടി വരുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വകുപ്പ് തലത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ